പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2974 13.07.2015 ൽ മറുപടിക്ക്

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | റൺവേ അടച്ചിടുന്ന എട്ട് മണിക്കൂർ ഒഴികെ ബാക്കി പതിനാറ് മണിക്കൂർ വിമാന സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്. മുമ്പുണ്ടായിരുന്ന എല്ലാ വിമാന സർവ്വീസുകളും തുടർന്നുമുണ്ടാകും. പുതുക്കിയ സമയ വിവരങ്ങൾ മുൻ തീരുമാനങ്ങളനുസരിച്ച് വിമാന കമ്പനികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇൻഡിഗോ, എതിഹാദ് എന്നിവ പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്. തിരക്കൊഴിവാക്കാൻ അധിക കൗണ്ടറുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | യാത്രാരേഖകൾ,കസ്റ്റംസ് ക്ലിയറൻസ് എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സൗകര്യപ്പെടുത്തുന്നതിനും നെടുമ്പാശ്ശേരിയിലേക്ക് കണക്ഷൻ ഫ്ലൈറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | യാത്രാരേഖകൾ, കസ്റ്റംസ് ക്ലിയറൻസ് എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സൗകര്യം ഒരുക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ ഭാഗത്ത് നിന്ന് ഒരു തടസ്സവുമില്ലെങ്കിലും നെടുമ്പാശ്ശേരിയിലേക്ക് കണക്ടിംഗ് ഫ്ലൈറ്റുകൾ അനുവദിക്കുന്നതിന് എയർപോർട്ട് അതോറിറ്റിക്ക് അധികാരമില്ല. |

| | | | |
|---|---|---|---|
| (സി) | ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റൺവേ അറ്റകുറ്റ പ്പണികൾ വേഗത്തിൽ ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | റൺവേ അറ്റകുറ്റപ്പണികൾ ഇലക്ട്രോണിക് സെൻസർ പവർ, കമ്പ്യൂട്ടർ നിയന്ത്രിത ബാച്ച് മിക്സർ പ്ലാന്റ്, റോളർ വൈബ്രേറ്റർ മുതലായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിബന്ധനകളോടെയാണ് ടെണ്ടറുകൾ സ്വീകരിച്ചിരിക്കുന്നത്. |
| (ഡി) | കേന്ദ്ര വ്യോമയാന വകുപ്പു മായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഉന്നതതല ചർച്ച സംഘടിപ്പിക്കുമോ? | (ഡി) | കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങൾ ഫലപ്രദമാകാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ മാത്രമേ ഇക്കാര്യം പരിശോധിക്കേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ